## 7

# ജീവിതം ഉദ്ദേശരഹിതമോ?

## (സഭാപ്രസംഗി 1; 2)

ജ്ഞാന സാഹിത്യപുസ്തകങ്ങളിൽ, സഭാപ്രസംഗിയും ഉൾപ്പെട്ടിരിക്കുന്നു. ശലോമോൻ മൂന്ന് ജ്ഞാനപുസ്തകങ്ങൾ എഴുതിയിട്ടു: ഉത്തമഗീതങ്ങൾ, സദൃശവാക്യങ്ങൾ, സഭാപ്രസംഗി. "ദാവീദിന്റെ മകനും യെരുശലേമിന്റെ രാജാവും" ആയിട്ടാണ് സഭാപ്രസംഗി 1:1-ൽ വെളിപ്പെടുത്തിയിരിക്കുന്നത്. "സഭാപ്രസംഗി" എന്നതിന്റെ അർത്ഥം "ദ പ്രീച്ചർ" എന്നാണ്.

ജീവിതം എന്നാലെന്താണെന്ന് പ്രായാധിക്യത്തിലുള്ള ശലോമോനെ പോലെയുള്ള ഒരാൾക്കല്ലാതെ മറ്റാർക്കാണ് എഴുതുവാൻ കഴിയുക? ശലോമോന് ദൈവത്തിൽനിന്ന് പ്രത്യേകവരമായ ജ്ഞാനം ലഭിച്ചു, ആയുഷ്ക്കാലമത്രയും അധികാരവും, പ്രസിദ്ധിയും, ധനവും ഉായിരുന്നു - അതിൽ ഒരു ഭാഗം ദൈവത്തോടുകൂടെയും മറ്റൊരു ഭാഗം ദൈവം ഇല്ലാതെയുമാണ് ജീവിച്ചത്.

ആ എഴുത്തിന്റെ രൂപം നമുക്ക് ഇന്ന് സുപരിചിതമല്ലാത്തതുകൊായിരിക്കാം ബൈബിളിലെ ആ പുസ്തകം ഉപേക്ഷിക്കപ്പെട്ടിരിക്കയാണെന്ന് തോന്നുന്നു. അതു വായിക്കുവാൻ എളുപ്പമല്ല, ചിലപ്പോൾ പരമ്പരപോലെ തോന്നുന്നു. ഗ്രന്ഥകാരൻ ജീവിതത്തിൽ അധൈര്യപ്പെട്ടും നിരുൽസാഹപ്പെട്ടും കാണപ്പെട്ടു. ജീവിതം ഒരു ബാദ്ധ്യതയായും ജോലി നിഷ്പ്രയോജനമായും തോന്നി, സുഖമാണെങ്കിൽ ഒരു കാര്യവുമില്ലാത്തതാണ്. പുസ്തകം കൈകാര്യം ചെയ്യുന്നത് "സൂര്യനു കീഴിലുള്ള" ജീവിതത്തെ കുറിച്ചാണ് - അതായത് ദൈനന്തിന ജീവിതത്തെ സംബന്ധിച്ച്. അത് പ്രത്യേക അർത്ഥമില്ലാതെ ഓരോ വർഷവും തലമുറകൾ തോറും ചുറ്റിക്കൊിരിക്കുന്ന ഒരു ചക്രമായി പ്രകൃതിയെയും ചരിത്രത്തെയും വരച്ചുകാണിച്ചിരിക്കുന്നു.

പ്രബന്ധം തുടരുമ്പോൾ, എഴുത്തുകാരൻ പൊതുവിൽ ജീവിതത്തിന്റെ ശൂന്യാവസ്ഥയെ കുറിച്ചല്ല, പിന്നെയോ ദൈവത്തെ കൂടാതെയുള്ള ജീവിതം വ്യർത്ഥമാണ് എന്നത്രേ പറയുന്നത് എന്നു കാണാം. ദൈവത്തെ കൂടാതെയുള്ള ജീവിതത്തിന്റെ ലാഭനഷ്ട കണക്കുകൾ നോക്കിയാൽ കിട്ടുന്നത് പൂജ്യമായിരിക്കും.

ദോഷദർശനസ്വഭാവത്തെയോ നിരാശയെയോ എടുത്തുകാണിക്കുന്ന പുസ്തകമല്ല സഭാപ്രസംഗി. ആളുകൾ തങ്ങളുടെ ജീവിതങ്ങളിൽ നിന്നു പുറത്തുകടക്കുവാനല്ല ദൈവം ഉദ്ദേശിച്ചത്. ദൈവത്തെ കുടാതെയുള്ള ജീവിതം നിരുൽസാഹവും, വ്യർത്ഥവും, ഉദ്ദേശരഹിതവും ആയിരിക്കും. അവനോടുകൂടെ വാസ്തവത്തിൽ സന്തോഷിക്കുവാനാണ് ദൈവം നമ്മെ സൃഷ്ടിച്ചത്. നമ്മുടെ ജീവിതത്തിന് അർത്ഥവും സന്തോഷവും നൽകുന്നത് ദൈവമാണ്. വെറുതെ ജീവിച്ചാലല്ല ... മറിച്ച് അവനിൽ വസിച്ച് ജീവിച്ചാലാണ് നിറവേറൽ സംഭവിക്കുന്നത് എന്നതിലേക്കാണ് സഭാപ്രസംഗി വിരൽ ചൂുന്നത്.

## ചോദ്യം: നമ്മുടെ ഭൗമികജീവിതത്തിന്റെ ഉദ്ദേശം എന്ത്? (1:3-11)

തലമുറകൾ വന്നും പോയും ഇരിക്കുന്നു, എന്നാൽ ഭൂമി തുടരുന്നു (1:3-7). സ്വാഭാവിക പ്രകൃതി വൃത്താകൃതിയിലാണ് ചലിക്കുന്നതെന്ന് ശലോമോൻ നിരീക്ഷിച്ചു. ദിവസം തോറും സൂര്യൻ ഉദിക്കയും അസ്തമിക്കയും ചെയ്യുന്നു. കാലങ്ങൾ മാറുന്നതനുസരിച്ച് കാറ്റ് പടിഞ്ഞാറുനിന്നു കിഴക്കോട്ടും തിരിച്ചും അനുഭവപ്പെടുന്നു. നദികളും അരുവികളും കടലിലേക്ക് തുടർച്ചയായി ഒഴുകിക്കൊിരിക്കുന്നു, എങ്കിലും അവ നിറഞ്ഞു കവിയുന്നില്ല. ലോകപ്രകാരമുള്ള കാഴ്ച്ചപ്പാടിൽ, അവയെല്ലാം വിരസവും ഉദ്ദേശരഹിതവുമായി തോന്നിയേക്കാം.

മനുഷ്യർ ക്ഷീണിതരാകുന്നതുവരെ, അദ്ധ്വാനിക്കും, എങ്കിലും അവർ തൃപ്തിപ്പെടുന്നില്ല (1:8-11). തന്നെ വെല്ലുവിളിക്കുന്ന ഒരു പുതുമയും ശലോമോന് കത്തെുവാനായില്ല. സംഭവിച്ചിട്ടില്ലാത്തതൊന്നും സംഭവിക്കുന്നില്ല. ചരിത്രം തന്നെ ആവർത്തിക്കുന്നതായിട്ടാണ് അവൻ കത്. വാക്യം 9 പറയുന്നു, "ഉായിരുന്നത് ഉാകുവാനുള്ളതും, ചെയ്തുകഴിഞ്ഞത് ചെയ്യുവാനുള്ളതും ആകുന്നു; സൂര്യന് കീഴിൽ പുതുതായി യാതൊന്നുമില്ല."

"പുതിയ നേട്ടങ്ങളൊന്നും ഒരുവിധത്തിലും വ്യത്യാസം വരുത്തുന്നില്ല" എന്നാണ് ശലോമോൻ ചിന്തിക്കുവാൻ തുടങ്ങിയത്. അവൻ എഴുതി,

> പുരാതനജനത്തെ കുറിച്ച് ഓർമ്മയില്ലല്ലൊ
> വരുവാനുള്ളവരെ കുറിച്ച് പിന്നത്തേതിൽ
> വരുവാനുള്ളവർക്കും ഓർമ്മയുാകയില്ല (1:11).

അവൻ വിലപിക്കുകയായിരുന്നു, "നാം പോകുവാനിരിക്കുന്നതുകൊ്, നാം ചെയ്തതൊന്നും ആരും ഓർക്കുകയില്ല."

ആ സമയത്ത്, ലോകത്തിൽ ദൈവമില്ലാത്ത ഒരാൾ ജീവിതത്തെ കാണുന്നതുപോലെയാണ് ശലോമോൻ ജീവിതത്തെ കത്. നിരീശ്വരവാദികളായ ചില വക്താക്കൾ അവരുടെ ജീവിതാവസാനം പറയുന്നതു ഈ വിധത്തിലാണ്. മനുഷ്യർ ഉയർന്ന-തരം മൃഗങ്ങളേക്കാൾ ഉയർന്നവർ മാത്രമാണെങ്കിൽ - പ്രകൃതിയെ സമതുലനാവസ്ഥയിൽ നിർത്തേതിനു മാത്രമുള്ളവർ ആണെങ്കിൽ - മനുഷ്യജീവിതം മൃഗങ്ങളുടേതിൽനിന്നു വ്യത്യസ്തമാകുന്നില്ല. അപ്പോൾ അന്തസിനും പ്രയോജനത്തിനും ഒരു കാര്യവുമില്ല. ജോലിയും സേവനവും വ്യർത്ഥമാകും. ഈ തത്വജ്ഞാനം ആളുകളെക്കൊ് ഇങ്ങനെ ചിന്തിപ്പിച്ചേക്കാം, "നിർമ്മലവും, വിശുദ്ധവും, നിസ്വാർത്ഥവും അല്ലെങ്കിൽ സത്യസന്ധവുമായി ജീവിക്കേ ആവശ്യമില്ല! മൃഗങ്ങൾ ജീവിക്കുന്നതുപോലെ ജീവിക്കുക!"; "നേടാവുന്നത്ര നേടുക! നിങ്ങളെ കുറിച്ച് മാത്രം ചിന്തിക്കുക!"; "ഉള്ളത് ഈ ജീവിതം മാത്രമാണ്, ഭാവി എന്നൊന്നില്ല." അത്തരത്തിൽ പ്രത്യാശയില്ലാതെ എത്രയോ ആളുകൾ ഇന്ന് അങ്ങനെ ജീവിക്കുന്നു്!

## അന്വേഷണം: നമ്മുടെ ഭൗമികജീവിതം എന്നാൽ എന്താണ്? (1:12-2:11)

മനുഷ്യർ തങ്ങളുടെ ജീവിതത്തിൽ കഷ്ടത അനുഭവിക്കുന്നതെന്തുകൊ്? ദൈവമില്ലാത്തവർക്ക് അദ്ധ്വാനവും നിരുൽസാഹവും മാത്രമാണ് അനുഭവപ്പെടുന്നത് (1:13-18). ശലോമോൻ പറഞ്ഞു, "സൂര്യന്നു കീഴിൽ നടക്കുന്ന സകല പ്രവൃത്തികളും ഞാൻ കിട്ടു്; അവയൊക്കെയും മായയും വൃഥാപ്രയത്നവും

അത്രെ” (1:14). തെറ്റുകളെ ശരിയാക്കുവാനോ, അനീതി ഇല്ലാതാക്കുവാനോ അവർക്ക് കഴിഞ്ഞില്ല. അവരുടെ ഹൃദയങ്ങളുാക്കുന്നത് ദൈവശക്തിയാണെന്ന് അവർ തിരിച്ചറിഞ്ഞില്ല. എല്ലാ കണക്കുകളും ശരിയാക്കുന്നത് ദൈവത്തിന്റെ ന്യായവിധി ആണെന്നും അവർ തിരിച്ചറിഞ്ഞില്ല.

ശലോമോൻ തന്റെ ഹൃദയത്തെ പരിശോധിച്ചുവെങ്കിലും, ഭൗമികജ്ഞാനം കൊ് ഒരു നേട്ടവുമില്ല എന്ന് അവൻ കത്തെി. ജീവിച്ചിരുന്ന ആളുകൾക്കുായി രുന്നതിനേക്കാളധികം ജ്ഞാനവും സമ്പത്തും ശലോമോനുായിരുന്നു. അതു പോലും അവന് മോഹഭംഗമാണുാക്കിയത്: അവന് ലഭിച്ച വലിയ ജ്ഞാനവും വിവേകവും നിമിത്തം, അവന് ഉത്തരവാദിത്വവും വേദനയും നിറഞ്ഞിരുന്നു.

ജീവിതത്തിന്റെ അർത്ഥം അന്വേഷിച്ചുകൊ്, ശലോമോൻ എല്ലാം പരി ശ്രമിച്ചു (2:1–11). ജീവിതത്തിന്റെ അർത്ഥം സുഖത്തിൽ കത്തെിയേക്കുമെന്ന് അവൻ വിചാരിച്ചു, പക്ഷെ അതും നിഷ്ഫലമെന്ന് അവൻ കത്തെി. ചിരി അർത്ഥശൂന്യമാണ്; തൃപ്തിപ്പെടുത്തുന്നതിൽനിന്ന് ഒന്നും നേടുവാൻ കഴി യുന്നില്ല. പിന്നെ അവൻ വീര്യമുള്ള മദ്യം കുടിക്കുവാൻ തുടങ്ങി, കൂടുതൽ ജ്ഞാനം അന്വേഷിച്ചുകൊാണ് അതും ചെയ്തത്. അതിനുശേഷം അവൻ വിനോദത്തിലേക്ക് തിരിഞ്ഞു, ഭൂമിയിൽ ജീവിക്കുന്ന ആളുകൾ സന്തോഷ മാണ് ആഗ്രഹിക്കുന്നത്.

അവസാനമായി, ശലോമോൻ തുന്റെ സാമ്രാജ്യം വിപുലപ്പെടുത്തി നോക്കി. ഏതെല്ലാം വിധത്തിൽ കെട്ടിടങ്ങൾ നിർമ്മിക്കാമോ ആ നിലയിൽ കെട്ടിടങ്ങളും നിർമ്മിച്ചു, അവൻ ഉദ്യാനങ്ങളും, തോട്ടങ്ങളും, ഫലോദ്യാന ങ്ങളും നിർമ്മിച്ചു. അവയ്ക്ക് ആവശ്യമായ ജലസ്രോതസും ഏർപ്പെടുത്തി. അവൻ അടിമകളെ വാങ്ങുകയും, അവന്റെ വീട്ടിൽ കൂടുതൽ അടിമകൾ ജനിക്കുകയും ചെയ്തു. അവൻ ധാരാളം ആടുമാടുകളെ വളർത്തിയിരുന്നു. പണമുാക്കിയും നിക്ഷേപങ്ങൾ സ്വരൂപിച്ചും നോക്കുകയുായി. വാദ്യമേളങ്ങ ളോടും താളങ്ങളോടുമുള്ള ഗാനങ്ങളും ആചാരകലകളും അവൻ ആസ്വദി ക്കയുായി. അവന്റെ സാമ്രാജ്യം ഭൂമിയിൽ ഏറ്റവും വലുതായി തീർന്നു. താൻ ആഗ്രഹിച്ചതെല്ലാം അവൻ നേടി, എന്നിട്ടും നിറവേറപ്പെടാതിരുന്നു പലതും.

ഭൗമിക കാഴ്ച്ചപ്പാട് വെച്ചുപുലർത്തിയ ശലോമോനെ പോലെ അസംഖ്യം ആളുകൾ ഇന്നും അതേപോലെ നിരാശപ്പെടുന്നു്. യേശുവിന്റെ ഉപദേശ ത്തിലെ ജ്ഞാനം, രാത്രിയിലെ ദീപസ്തംഭം പോലെ പ്രകാശിക്കുന്നു:

> പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയും ഇരിക്കുന്ന സ്വർഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ (മത്തായി 6:19, 20).

## അപഗ്രഥനം: ഭൗമികജീവിതത്തെ കുറിച്ച് ശലോമോൻ എന്തു പഠിച്ചു? (2:12-26)

ഇരുട്ടിനേക്കാൾ വെളിച്ചം നന്നായിരിക്കുന്നതുപോലെ ജ്ഞാനം വിഡ്ഢി ത്തത്തേക്കാൾ നല്ലതാണെന്ന് ശലോമോൻ കരുതി (2:12–16). ജ്ഞാനി ദർശ നത്തോടെ നടക്കുമ്പോൾ, ബുദ്ധിഹീനൻ ഇരുട്ടിൽ നടക്കുന്നു, എന്നാൽ

അവരിൽ രുപേരിലും പൊതുവായ ഒന്നു് - രുപേരും മരിക്കും. ജ്ഞാനി ആയിരിക്കുന്നത് അല്പം പ്രയോജനമുള്ളതായി ശലോമോൻ കു. ബുദ്ധിഹീനനെ ഓർക്കുവാൻ കഴിയുന്നതുപോലെയേ ജ്ഞാനിയേയും ഓർക്കുവാൻ കഴിയു. രുപേരെയും പെട്ടെന്ന് ഓർമ്മ വിട്ടുപോകും. ജീവിതത്തിന് വലിയ അർത്ഥമുള്ളതായി തോന്നാതിരുന്നതുകൊ് ശലോമോൻ പരിഭ്രാന്തിയിലായിരുന്നു. ഭൗമികകാഴ്ച്ചപ്പാടിൽ മാത്രം ജീവിതത്തെ നോക്കിയാൽ അർത്ഥമുള്ളതായി തോന്നുകയില്ല. മനുഷ്യന് ദൈവത്തോടുകൂടെ ജീവിക്കുന്ന പ്രത്യാശയില്ലെങ്കിൽ, മറ്റൊന്നും നിലനില്ക്കുന്നതായി കാണുവാൻ കഴിയുകയില്ല. നിത്യത എന്ന ലക്ഷ്യം മനസിലുങ്കെിൽ, ഭൗമികജീവിതം ഒരു ഒരുക്കസ്ഥലമായി അനുഭവപ്പെടും. ഓട്ടത്തിന് വാസനയുള്ള ആൾ പരിശീലനം നടത്തി, വലിയ ലീഗ് മൽസരത്തിന് ഒരുങ്ങുന്നതുപോലെയാണ് അത്.

അവൻ അപഗ്രഥിച്ച് കത്തെിയപ്പോൾ, അദ്ധ്വാനിച്ച് ധനമുാക്കി മറ്റുള്ളവർക്ക് അനുഭവിക്കുവാൻ കൊടുക്കേി വരുന്നതുകൊ് അത് നിഷ്പ്രയോജനമാണെന്ന് ശലോമോൻ വിലയിരുത്തി (2:17-23). തന്റെ അവകാശങ്ങൾ മൗഢ്യമാണോ ബുദ്ധിപരമോ എന്ന് ആർക്ക് അറിയാം? ആ അവകാശങ്ങൾ ഒരു ദിവസത്തെ ആയാലും അല്ലെങ്കിലും പ്രയത്നഫലമാണ്. കഠിനാദ്ധ്വാനം ചെയ്ത് സ്വത്ത് സ്വരൂപിക്കുന്നതല്ല ജീവിതം എന്ന് ശലോമോൻ കു. ഒരു മനുഷ്യൻ തന്റെ ആയുസ് മുഴുവൻ കഠിനമായി അദ്ധ്വാനിച്ചു സ്വത്ത് സമ്പാദിച്ച് മരണശേഷം മറ്റുള്ളവർക്ക് അതു അനുഭവിപ്പാൻ വിട്ടുകൊടുക്കുന്നത് അനന്യായമായിട്ടാണ് ശലോമോൻ നിരീക്ഷിച്ചത്.

ഒരർത്ഥത്തിൽ, ശലോമോൻ ശരിയായിരുന്നു. നാം സാമ്പത്തിക ഭദ്രത ഉാക്കി കൊടുത്തുകൊ് നമ്മുടെ കുട്ടികളെ അലസരാക്കുകയാണ്. വർഷങ്ങളുടെ അനുഭവമുായാലും വളരെ കുറച്ച് ആളുകൾക്ക് മാത്രമെ സമ്പത്ത് എങ്ങനെ ഉപയോഗിക്കണമെന്ന് അറിയുകയുള്ളു. പ്രത്യേകിച്ച് അതു സമ്പാദിക്കുന്നതിൽ അവർക്ക് പങ്കൊന്നുമില്ലെങ്കിൽ. വളരെ കുറച്ച് നൽകുന്നതിന് പകരം, വളരെ കൂടുതൽ നൽകി പലരും തങ്ങളുടെ കുട്ടികളെ നശിപ്പിച്ചിട്ടു്. അവരുടെ സ്വന്തജീവിതം കെട്ടിപ്പെടുക്കുവാൻ വേ അറിവും അവസരവുമാണ് കുട്ടികൾക്ക് കൊടുക്കേത്. എല്ലാറ്റിലുമുപരി അവർക്ക് ദൈവികപരിജ്ഞാനം നൽകണം.

ആദ്യം, ഒരാൾ ജീവിച്ചിരിക്കുമ്പോൾ, തന്റെ പ്രയത്നഫലം അനുഭവിക്കുന്നതിനേക്കാൾ വലുതായി ഒന്നുമില്ല എന്നതായിരുന്നു ശലോമോന്റെ പ്രസ്താവന (2:24-26). നാം ചെയ്യുന്നതായാലും നമുക്ക് ലഭിക്കുന്നതായാലും, അതെല്ലാം ദൈവത്തിൽ നിന്നുള്ളതാണ്. നമുക്ക് യോജിക്കുന്നത് അവൻ നൽകുകയും യോജിക്കുന്നതു എടുത്തുകളയുകയും ചെയ്യുന്നു. നമുക്ക് എന്താണ് ആവശ്യമെന്നും കൈകാര്യം ചെയ്യുവാൻ കഴിയുന്നതെന്താണെന്നും ദൈവത്തിന് അറിയാം. ഒരാൾക്ക് കഴിയാത്ത ഉത്തരവാദിത്തത്തെ എടുത്ത് കഴിവുള്ള മറ്റൊരാൾക്ക് അവൻ കൊടുക്കും. വരം തെറ്റായി ഉപയോഗിച്ചാലും അത് ഒരാളിൽനിന്നെടുത്ത് അവൻ ബുദ്ധിയോടെ ഉപയോഗിക്കുവാൻ കഴിവുള്ള മറ്റൊരാൾക്ക് കൊടുക്കും. മത്തായി 25:14-30 ൽ താലന്തുകളുടെ ഉപമയിൽ യേശു ഈ തത്വം നമ്മെ പഠിപ്പിച്ചിട്ടു്.

നമുക്ക് നൽകുന്നതു ഉപയോഗിച്ച് ദൈവത്തിന് നാം മാനവും മഹത്വവും നൽകുവാൻ ദൈവം പ്രതീക്ഷിക്കുന്നു. നാം അവനിൽനിന്നു പിൻവാങ്ങിയാൽ, അവനും നമ്മിൽനിന്ന് പിൻവാങ്ങും. നമ്മുടെ അനുഗ്രഹങ്ങളെ

എങ്ങനെ ഉപയോഗിക്കണമെന്ന് നാം പഠിക്കുന്നില്ലെങ്കിൽ, അവൻ നമുക്ക് കൂടുതൽ അനുഗ്രഹങ്ങൾ നൽകുകയില്ല.

**ഉപസംഹാരം**

ജീവിതത്തെ ശരിയായ കാഴ്ച്ചപ്പാടിൽ കാണുവാൻ, ജീവിതത്തിന്റെ അർത്ഥം കാണുവാൻ ശലോമോന്റെ അപഗ്രഥനം നമ്മെ സഹായിക്കും. നമുക്ക് എന്തു് എന്നതല്ല ജീവിതം അർത്ഥപൂർണ്ണമാക്കുന്നത്, പിന്നെയോ നമുക്കുള്ളത് നാം എങ്ങനെ ഉപയോഗിക്കുന്നു എന്നതാണ്. സാഹചര്യങ്ങളെ ആസ്പദമാക്കിയല്ല നമ്മുടെ ജീവിതവിജയം, ആ സാഹചര്യങ്ങളിൽ നാം എന്തു ചെയ്യും എന്നതിന്റെ അടിസ്ഥാനത്തിലാണ്. ജീവിതത്തിന്റെ ദിശയാണ് അതിന് അർത്ഥമുാക്കുന്നത്. ദൈവത്തോടുള്ള ദിശ ജീവിതത്തിൽ ശരിയാക്കുവാൻ ശലോമോന്റെ വാക്കുകൾ നമ്മെ സഹായിക്കും.

നാം സഭാപ്രസംഗിയുടെ പുസ്തകം തുടർന്നു പഠിക്കുമ്പോൾ, ആ പുസ്തകം നമ്മുടെ ജീവിതത്തെ എങ്ങനെ മാറ്റി ഉയർത്തുമെന്ന് കാണാം. നാം പലപ്പോഴും തെറ്റായ കാര്യങ്ങൾക്കാണ് ഊന്നൽ കൊടുക്കുന്നത്; നാം ചിരിക്കേ സമയത്ത് കരയും, കരയേ സമയത്ത് ചിരിക്കും, ഭയപ്പെടരുതാത്ത സമയത്ത് ഭയപ്പെടും, ഭയപ്പെടേ സമയത്ത് അതിനു നമുക്ക് കഴിയാതെവരികയും ചെയ്യും. തലതിരിഞ്ഞ ലോകത്തിലാണ് നാം ജീവിക്കുന്നത്. നാം കാണേ വിധത്തിൽ കാണാതിരിക്കുന്ന അവസ്ഥയാണ് ലോകത്തിലുള്ളത്. തലതിരിഞ്ഞു നോക്കുമ്പോൾ തലതിരിഞ്ഞാണ് കാണുന്നത്. ധാർമ്മികവും ആത്മികവുമായ തലകറക്കമാണ് നമുക്ക് അനുഭവപ്പെടുന്നത്. ശലോമോനെ വിശ്വസിക്കുക! അവൻ ദൈവമനസാണ് സംസാരിച്ചത്.